പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

18.02.2016 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 2506

# കൽപ്പറ്റ നിയോജകമണ്ഡലത്തിൽ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ : | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) **വ്യാവസായിക പരിശീലന വകുപ്പ്**<br>ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ ഗവ. ഐ.ടി.ഐയിൽ പരിശീലനാർത്ഥികൾക്കുള്ള ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കി. ലോകബാങ്ക് സഹായത്തോടെ ഐ.ടി.ഐകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ (വി.ടി.ഐ.പി) കൽപ്പറ്റ ഐ.ടി.ഐയെയും തെരെഞ്ഞെടുത്തിരുന്നു. ടി പദ്ധതി പ്രകാരം കൽപ്പറ്റ ഐ.ടി.ഐയിൽ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടത്തിയിരുന്നു. ഇത് ഒരു തുടർ പദ്ധതിയാണ്. ഈ സർക്കാരിന്റെ കാലത്ത് 259.20 ലക്ഷം രൂപയുടെ ഉപകരണ സംഭരണം നടത്തിയിട്ടുണ്ട്.<br>**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**<br>കേരളത്തിൽ ഇ.എസ്.ഐ.പദ്ധതി വ്യാപിപ്പിക്കാത്ത ഏക ജില്ലയായ വയനാട് ജില്ലയിലെ കൽപ്പറ്റ ആസ്ഥാനമാക്കി ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയതിനെ തുടർന്ന് 07.01.2016-ൽ ടി ഡിസ്പെൻസറി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) **വ്യാവസായിക പരിശീലന വകുപ്പ്**<br>ന്യൂട്രീഷ്യൻ പ്രോഗ്രാമിനുവേണ്ടി 2014-15 വർഷം 3,21,375/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-2016 വർഷത്തേക്ക് ടി പദ്ധതിക്കായി 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2009-2010 ലാണ് ടി പദ്ധതി കൽപ്പറ്റ |

ഐ.ടി.ഐയിൽ ആരംഭിച്ചത് കൽപ്പറ്റ ഐ.ടി.ഐയിലെ പദ്ധതികളുടെ തുക 381.32 ലക്ഷം രൂപയാണ്. ഇതിനു പുറമെ 2014-2015 വർഷത്തിൽ 67.3 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം ആകെ 390.63 ലക്ഷം രൂപ (CoE-381.32+9.31 Additional Fund) ചെലവായി.

| പദ്ധതി തുക (ലക്ഷം) | ആകെ ചെലവായ തുക (ലക്ഷം) | കഴിഞ്ഞ 5 വർഷക്കാലം ചെലവായ തുക (ലക്ഷം) |
|---|---|---|
| 448.62<br>CoE - 381.32+<br>Additional Fund 67.30 | 390.63<br>CoE - 381.32+<br>Additional Fund 9.31 | 259.20<br>CoE - 249.89+<br>Additional Fund 9.31 |

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**

07.01.2016-ൽ പ്രവർത്തനമാരംഭിച്ച കല്പറ്റയിലെ പ്രസ്തുത ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ജീവനക്കാരുടെ ശമ്പളവും മറ്റലവൻസുകളും മാത്രമേ സംസ്ഥാന സർക്കാരിൽ നിന്ന് ചെലവഴിക്കുന്നുള്ളൂ.

Sreekala

**സെക്ഷൻ ഓഫീസർ**